**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3251 03.04.2013 - ൽ മറുപടിയ്ക്ക്

**' സ്നേഹപൂർവ്വം പദ്ധതി '**

ചോദ്യം | ഉത്തരം

ശ്രീ. എം. എ. വാഹീദ്
" കെ. അച്ചുതൻ
" കെ. മുരളീധരൻ
" ജോസഫ് വാഴക്കൻ

**ഡോ. എം.കെ. മുനീർ**
(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | 'സ്നേഹപൂർവ്വം' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ; | (എ) | വിവിധ സാഹചര്യങ്ങളാൽ മാതാപിതാക്കൾ നഷ്ടപ്പെടുകയോ അഥവാ മാതാപിതാക്കളിൽ ഒരാൾ മരണപ്പെടുകയോ ജീവിച്ചിരിക്കുന്നയാൾക്ക് കുട്ടികളെ സംരക്ഷിച്ച് വിദ്യാഭ്യാസം നൽകുന്നതിന് സാധിക്കാതെ വരികയും ചെയ്യുന്ന സാഹചര്യത്തിൽ അത്തരം കുട്ടികളെ അനാഥാലയങ്ങളിൽ സംരക്ഷിക്കാതെ സ്വഭവനങ്ങളിൽ/ ബന്ധു ഭവനങ്ങളിൽ സംരക്ഷിച്ച് വിദ്യാഭ്യാസം നൽകി സമൂഹത്തിന് പ്രയോജനപ്പെടുന്ന ഉത്തമ പൗരന്മാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടുകൂടി ഇവർക്ക് പ്രതിമാസ ധനസഹായം നൽകുന്ന പദ്ധതിയാണ് 'സ്നേഹപൂർവ്വം' . |
| (ബി) | മാതാപിതാക്കൾ ഇല്ലാത്ത വിദ്യാർത്ഥികളുടെ ക്ഷേമത്തിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ ; | (ബി) യും (സി) യും | ഗ്രാമ പ്രദേശങ്ങളിൽ 20,000/- രൂപ വരെയും നഗര പ്രദേശങ്ങളിൽ 22,375/- രൂപ വരെയും കുടുംബ വാർഷിക വരുമാനമുള്ള കുടുംബത്തിലെ സർക്കാർ, എയ്ഡഡ് സ്ഥാപനങ്ങളിൽ ഒന്നു മുതൽ ഡിഗ്രി വരെയുള്ള ക്ലാസ്സുകളിലും പ്രൊഫഷണൽ കോഴ്സുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ ധനസഹായം നൽകുന്നു. |
| (സി) | പ്രസ്തുത പദ്ധതി ഏതൊക്കെ വിദ്യാർത്ഥികൾക്കായാണ് നടപ്പാക്കി വരുന്നത്; വിശദമാക്കുമോ ; | | |
| (ഡി) | പ്രസ്തുത പദ്ധതി കോളേജ് തലത്തിലേക്കും വ്യാപിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (ഡി) | പദ്ധതി കോളേജ് തലത്തിലേയ്ക്ക് വ്യാപിപ്പിച്ചിട്ടുണ്ട്. ഡിഗ്രിവരെയുള്ള ക്ലാസ്സുകളിലും പ്രൊഫഷണൽ കോഴ്സുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസം 1000/- രൂപ വീതം പദ്ധതി ആനുകൂല്യം ലഭിക്കുന്നു. |

R. Vijayakumar

സെക്ഷൻ ഓഫീസർ